(സി, ഡി) 20-2-2004-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 03/2004/ഐ.റ്റി.ഡി. പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അക്ഷയ പദ്ധതി 1-4-2004 മുതൽ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി നടത്തിവരുന്നു:

1. അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള സ്ഥല നിർണ്ണയം നടത്തി.
2. ജില്ലകളിൽ ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചു.
3. ജില്ലാ ഓഫീസുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.
4. സംരഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റികൾ രൂപീകരിച്ചു.
5. ജില്ലാതല ശിൽപശാലകൾ ജൂലൈ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ബസ് സ്റ്റേഷൻ നവീകരണം

*28 [118] ശ്രീ. ടി. കെ. ദേവകുമാർ:
" വി. കെ. ചന്ദ്രൻ:
" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുമായി ഏതെങ്കിലും നവീകരണപ്രവൃത്തി 'ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ' അടിസ്ഥാനത്തിൽ നടത്തുവാൻ നയപരമായി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും ബസ് സ്റ്റേഷൻ നവീകരണം ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മാണം നടത്താൻ കെ. എസ്. ആർ. ടി. സി.-യെ സമീപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഏതെങ്കിലും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) ഇല്ല.

(സി) സ്വകാര്യ സ്ഥാപനങ്ങൾ ആരും സമീപിച്ചിട്ടില്ല. ആരുമായും ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly